പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2743 28-10-2026-ൽ മറുപടിയ്ക്ക്

ചാലക്കുടി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: ചാലക്കുടി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷനിൽ നിലവിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ **അനുബന്ധം 1** ആയി ചേർക്കുന്നു.

ആകെ 38495 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളാണ് ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.

ടെൻഡർ ഘട്ടത്തിൽ ഉള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊടകര പഞ്ചായത്തിലെ വല്ലപ്പാടിയിലുള്ള 8.65 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജല സംഭരണിയുടെ പ്രവൃത്തിക്ക് 07.08.2026-ൽ ടെൻഡർ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കൊടകര ഗ്രാമപഞ്ചായത്തിന് ഭാഗീകമായി കുടിവെള്ളം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള ജൽ ജീവൻ മിഷൻ ആളൂർ, കൊടകര (പാർട്ട്) എന്ന പദ്ധതിയുടെ ഉൽപാദന ഘടകങ്ങളായ കിണർ, പമ്പ് ഹൗസ് 10 MLD ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ 4 പാക്കേജുകളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് നിരവധി തവണ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും കരാറുകാർ ദർഘാസുകളിൽ ഉയർന്ന തുക രേഖപ്പെടുത്തുന്നതിനെ തുടർന്നും മതിയായ ഓഫറുകൾ ലഭ്യമാകാത്തതിനാലും എസ്റ്റിമേറ്റുകൾ റികാസ്റ്റ് ചെയ്ത് വരുന്നു. പ്രസ്തുത 4 പാക്കേജുകളുടെ ടെണ്ടർ

നടപടികൾ പൂർത്തീകരിച്ച് കേന്ദ്രഗവൺമെന്റ് പ്രവർത്തനാനുമതി നൽകിയാൽ 2 വർഷത്തിനുള്ളിൽ മേൽപദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

കൂടാതെ നിലവിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വെട്ടുവീട്ടുക്കാട് ടൈബൽ കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി കരാറുകാരൻ നടപ്പാക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ക്രമീകരിക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കരാറുകാർ പങ്കെടുക്കാത്തതിനാൽ ടെണ്ടർ Extend ചെയ്ത് വരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ ജൽ ജീവൻ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

മറുപടി: നാട്ടിക ഡിവിഷനു കീഴിലെ കൊടകര ഭാഗം 2-ൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ 66 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുട ഡിവിഷനു കീഴിൽ ചാലക്കുടി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ 73 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

Annexure I

Constituency	Panchayath	Total works	Completed	Ongoing	Tender Stage
Chalakkudy	Athirappilly	52	48	0	4
	Kadukutty	14	12	2	0
	Kodakara	6	2	3	1
	Kodassery	3	2	1	0
	Koratty	18	16	2	0
	Meloor	6	5	1	0
	Pariyaram - TSR	4	3	1	0

Annexure 2

നിയമസഭാ മണ്ഡലം	പഞ്ചായത്ത്	ആകെ ഗ്രാമീണ വീടുകൾ	JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ	JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ	നിലവിൽ മൊത്തം കണക്ഷൻ	ഇനി നൽകാനുള്ള കണക്ഷൻ	ഭരണാനുമതി നൽകിയ കണക്ഷൻ	ഭരണാനുമതി തുക (ലക്ഷം)
Total		48809	10314	13779	24093	24716	38495	31786.03
Chalakkudy	Athirappilly	2494	983	1217	2200	294	1511	1753.00
	Kadukutty	6673	1251	2400	3651	3022	5422	3133.03
	Kodakara	8448	1633	2016	3649	4799	6815	8448.00
	Kodassery	9172	419	467	886	8286	8753	5021.00
	Koratty	8438	2690	3308	5998	2440	5748	5670.00
	Meloor	7299	2223	2090	4313	2986	5076	4228.00
	Pariyaram - TSR	**6285**	**1115**	**2281**	**3396**	**2889**	**5170**	**3533.00**